

# നാടിനെ രക്ഷിച്ച വീരബാഹു



ഗുരു

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു

പെരുവയറൻ രാജാവ്.
പൊണ്ണത്തടിയൻ രാജാവ്.
തീറ്റക്കൊതിയൻ രാജാവ്.
വാരിവലിച്ചു തിന്നുന്ന രാജാവ്.



# നാടിനെ രക്ഷിച്ച വീരബാഹു



നാടിനെക്കുറിച്ച് വിചാരമില്ലാത്ത രാജാവ്.
ജനങ്ങളെക്കുറിച്ച് ചിന്തയില്ലാത്ത രാജാവ്.
രാജാവിന് ഒരേയൊരു വിചാരം മാത്രം.
തിന്നണം, തിന്നണം, തിന്നണം.

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



രാജാവിന് കുളി കഷ്ടി.
രാജാവിന് പല്ലുതേപ്പ് കഷ്ടി.
രാജാവിന് ഉറക്കം കഷ്ടി.
രാജാവിന് വൃത്തിയും വെടിപ്പും കഷ്ടി.

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



തിന്ന് തിന്ന് രാജാവിന് രോഗം വന്നു.
തീറ്റക്കൊതിയൻ കിടപ്പിലായി.
വൈദ്യന്മാർ രാജാവിനെ ചികിത്സിച്ചു.
അപ്പോഴും രാജാവ് തീറ്റ നിർത്തിയില്ല.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



ഗുരു

വൈദ്യന്മാർ മാറിമാറി ചികിത്സിച്ചു.
രാജാവിന്റെ രോഗം മാറിയില്ല.
മരുന്നുകൾ മാറിമാറി കൊടുത്തു.
രാജാവിന്റെ ദീനം മാറിയില്ല.

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു





ഒടുവിൽ വീരബാഹു വൈദ്യർ വന്നു.
രാജാവിനെ വിശദമായി പരിശോധിച്ചു.
രാജാവിന് മരുന്ന് നൽകി.
ചില കാര്യങ്ങളും രാജാവിനോട്
പറഞ്ഞു.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



"രണ്ടു നേരം കുളിക്കണം.
ദിവസവും പല്ല് തേയ്ക്കണം.
നഖവും മുടിയും വളരുമ്പോൾ മുറിക്കണം.
സമയത്ത് മാത്രം ആഹാരം കഴിക്കണം."

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



വീരബാഹു നാട്ടിലേക്ക് പോയി.
ഒരു മാസം കടന്നുപോയി.
മരുന്ന് കഴിച്ചിട്ടും ശരീരം
വൃത്തിയാക്കിയിട്ടും
രാജാവിന്റെ അസുഖം മുഴുവൻ
മാറിയില്ല.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## നാടിനെ രക്ഷിച്ച വീരബാഹു



വീരബാഹു വീണ്ടും വന്നു.
വീണ്ടും ചില കാര്യങ്ങൾ പറഞ്ഞു.
"ദേഹമനങ്ങി ദിവസവും ജോലിയെടുക്കണം.
ശരീരം വിയർക്കുന്നതു വരെ വേല ചെയ്യണം."
രാജാവ് ഇഷ്ടക്കേടോടെ അതെല്ലാം സമ്മതിച്ചു.

ഗുരു

Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH


## നാടിനെ രക്ഷിച്ച വീരബാഹു



രാജാവ് മണ്ണ് കിളച്ചു.
വിത്ത് വിതച്ചു.
തോട്ടത്തിൽ പലതരം കൃഷിപ്പണികൾ ദിവസം മുഴുവൻ ചെയ്തു.
കൃത്യസമയത്ത്   മാത്രം ഭക്ഷണം കഴിച്ചു.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു





മാസങ്ങൾ കടന്നുപോയി.
രാജാവിന്റെ ദേഹം മെലിഞ്ഞു.
പെരുവയർ ചുരുങ്ങി.
ആഹാരത്തോടുള്ള ആർത്തി
കുറഞ്ഞു.

ഗുരു

# നാടിനെ രക്ഷിച്ച വീരബാഹു



രാജാവിന്റെ ദീനം മുഴുവൻ മാറി.
രാജാവ് ആരോഗ്യവാനായി.
രാജാവ് ശക്തനായി.
രാജാവ് സുന്ദരനായി.
രാജാവ്  വീരബാഹുവിനെ വീണ്ടും വിളിച്ചു.

ഗുരു

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



രാജാവ് വീരബാഹുവിനോട് പറഞ്ഞു.

"എന്റെ രോഗം പൂർണമായും മാറി .
പക്ഷേ നാട്ടിൽ പല രോഗങ്ങളും
പടരുന്നു.
അതിനും ഒരു പരിഹാരം താങ്കൾ
കാണണം."

Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



വീരബാഹു പറഞ്ഞു.

"എല്ലാ നാട്ടുകാരും ശരീരം
വൃത്തിയായി സൂക്ഷിക്കണം.
വീടും ചുറ്റുപാടും ശുചിയാക്കണം.
ഈച്ചയും കൊതുകും എലിയും
പെരുകാതെ സൂക്ഷിക്കണം."

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



"പുഴയും കിണറും കുളവുമെല്ലാം
വൃത്തിയായി സൂക്ഷിക്കണം.
ഇവയിലേക്ക് മാലിന്യങ്ങൾ
വലിച്ചെറിയരുത്.
ഇവയൊന്നും മലിനമാക്കാൻ പാടില്ല."

# നാടിനെ രക്ഷിച്ച വീരബാഹു



ഈ കാര്യങ്ങൾ നാട്ടിൽ വിളംബരം
ചെയ്തു.
നാട്ടുകാർ വീരബാഹു പറഞ്ഞ
കാര്യങ്ങൾ പാലിച്ചു.
വൃത്തിയില്ലാത്തവരെയും
ശുചിയില്ലാത്തവരെയും രാജാവ്
ശിക്ഷിച്ചു.
പുഴയും മറ്റും മലിനപ്പെടുത്തുന്നവരെ
ജയിലിലിലടച്ചു.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നാടിനെ രക്ഷിച്ച വീരബാഹു



മാസങ്ങൾ കഴിഞ്ഞു.
നാട്ടിൽ  രോഗങ്ങൾ ഇല്ലാതായി.
വീരബാഹു ആ നാടിനെയും
രാജാവിനെയും രോഗങ്ങളിൽ നിന്ന്
രക്ഷിച്ചു.
ജനങ്ങൾ ആരോഗ്യവാന്മാരായി.
നാട് സമ്പൽസമൃദ്ധമായി.







Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH